കുവൈററ്: മലങ്കര ഓർത്തഡോക്സ് സഭ ഇക്കോളജിക്കൽ കമ്മീഷൻെറ മിഡിൽ ഈസ്റ്റ് മെമ്പർഷിപ്പ് ക്യാമ്പയിൻ കൽക്കട്ടാ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ ദിവന്ന്യാസിയോസ് മെത്രാപ്പോലീത്ത, സഭാ മാനേജിംഗ്കമ്മറ്റി അംഗം ശ്രീ. ഷാജി എബ്രഹാമിന് മെമ്പർഷിപ്പ് കാർഡ് നൽകിക്കൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. തദവസരത്തിൽ സെൻറ്. ഗ്രീഗോറിയോസ് ഇന്ത്യൻ ഓർത്തഡോക്സ് മഹാ ഇടവകയുടെ ഇക്കോളജിക്കൽ കമ്മീഷൻ യൂണീറ്റ് പ്രസിഡൻറും ഇടവക വികാരിയുമായ റവ. ഫാ. ജോസ് മാത്യു, സഹ വികാരി റവ. ഫാ. ജോർജ്ജ് സി വർഗ്ഗീസ് എന്നിവർ സന്നിധരായിരുന്നു. പ്രസ്തുത യൂണീറ്റിൻെറ പ്രവർത്തനം യുവജനപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ ഇടവകയിലെ ആകമാനം അംഗങ്ങളേയും പങ്കെടുപ്പിച്ചുകൊണ്ട് നടത്തപ്പെടണമെന്ന് അഭിവന്ദ്യ മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു.